പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1955 — 19.06.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി ബസ്സുകളിലെ യാത്രാസൗജന്യം

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
" കെ. കെ. നാരായണൻ :
" കെ. കുഞ്ഞിരാമൻ (ഉദുമ) :
" പി. റ്റി. എ. റഹീം :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഇപ്പോൾ ഏതെല്ലാം വിഭാഗങ്ങൾക്കാണ് യാത്രാ സൗജന്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടൗൺ ടു ടൗൺ ഓർഡിനറി സർവ്വീസുകൾ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും യഥാർത്ഥ നിരക്കിൽ നിന്നും ശരാശരി 17.79% തുക മാത്രം ഈടാക്കികൊണ്ട് വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്.<br>അന്ധർ, ബധിര - മൂകർ, വികലാംഗർ, ബുദ്ധിമാന്ദ്യമുള്ളവർ, അവരെ അനുഗമിക്കുന്ന ഒരാൾ, ക്യാൻസർ രോഗികൾക്ക് ചികിൽസാർത്ഥം ബന്ധപ്പെട്ട ആശുപത്രിയിലേക്ക് യാത്രചെയ്യുന്നതിന്, സെറിബ്രൽ പാൾസി രോഗബാധിതർ, സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ, പത്രപ്രവർത്തകർ, അർജ്ജുന - ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്ക്കാര ജേതാക്കൾ, എം.പി. മാർ, എം.എൽ.എ മാർ, മുൻ എം.എൽ.എ. മാർ, കെ.എസ്.ആർ.ടി.സി. യിൽ പ്രവർത്തിക്കുന്ന റെസിഡന്റ് ആഡിറ്റ് ഓഫീസിലെ ജീവനക്കാർ, കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത യൂണിയൻ ഭാരവാഹികൾ, ഡയറക്ടർ ബോർഡ് അംഗങ്ങൾ, പി.സി.ആർ.എ. അംഗങ്ങൾ എന്നിവർക്കും യാത്രാ സൗജന്യം നൽകി വരുന്നു.<br>കോർപ്പറേഷനിൽ 15 വർഷ സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് സൂപ്പർ ഡീലക്സ് വരെയുള്ള എല്ലാത്തരം സർവ്വീസുകളിലും യാത്രാസൗജന്യം അനുവദിച്ചിട്ടുണ്ട്. 15 വർഷത്തിൽ കുറഞ്ഞ സേവന ദൈർഘ്യമുള്ള ജീവനക്കാർക്ക് നിയന്ത്രിതമായ ദൂരത്തിൽ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസ്സുകളിൽ ജോലിക്ക് |

| | | | |
|---|---|---|---|
| | | | എത്തുന്നതിന് താമസ സ്ഥലത്തുനിന്നും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി. യിലെ സേവനത്തിൽ നിന്നും വിരമിച്ചവർക്ക് നിയന്ത്രിതമായ ദൂരത്തിൽ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസ്സുകളിൽ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്.<br>ഇതുകൂടാതെ കെ.എസ്.ആർ.ടി.സി. യിലെ കാഷ്വൽ ലേബറർ, എംപാനൽ ജീവനക്കാർ, ദിവസ വേതനക്കാർ എന്നിവർക്കും ജോലിക്ക് ഹാജരാകുന്നതിനായി താമസസ്ഥലത്തുനിന്നും ജോലി സ്ഥലത്തേക്ക് നിയന്ത്രിതമായ ദൂരത്തിൽ Duty Bound Check Pass അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ ഇനത്തിൽ ഒരു വർഷം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 141.21 കോടി രൂപ |
| (സി) | ഈ സർക്കാർ പുതുതായി പ്രഖ്യാപിച്ച കാൻസർ രോഗികൾക്കുള്ള സൗജന്യ യാത്രാപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ